2024
JULY
16
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## സിവിൽ സപ്ലൈസ് കോർപ്പറേഷന് 100 കോടി രൂപ അനുവദിച്ചു

**തിരുവനന്തപുരം:** സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന് വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ.എൻ. ബാലഗോപാൽ. അവശ്യ നിത്യോപോഗ സാധനങ്ങൾ 35 ശതമാനം വിലക്കുറച്ച് സപ്ലൈയ്കോ സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നതിനാണ് സഹായം. ഓണത്തിനു മുന്നോടിയായി സാധനങ്ങൾ എത്തിക്കുന്ന സപ്ലൈയർമാർക്ക് തുക നൽകുന്നതിനടക്കം ഈ തുക വിനിയോഗിക്കാനാകുമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചു.

വിപണി ഇടപെടലിന് ഈ സാമ്പത്തിക വർഷം 205 കോടി രൂപയാണ് ബജറ്റ് വിഹിതം അനുവദിച്ചതെന്ന് ധനവകുപ്പ് അറിയിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ ആവശ്യത്തിനായി വകയിരുത്തിയിരുന്നത് 205 കോടി രൂപ ആയിരുന്നുവെങ്കിലും 391 കോടി രൂപ അനുവദിച്ചിരുന്നു.

സിവിൽ സപ്ലൈസ് കോർപ്പറേഷൻറെ സുവർണ ജൂബിലി ആഘോഷത്തോട് അനുബന്ധിച്ച് 50 ജനപ്രിയ ഉത്പന്നങ്ങൾക്ക് 50 ദിവസം പ്രത്യേക വിലക്കുറവ് നൽകും എന്ന് കഴിഞ്ഞ മാസം 25ന് മുഖ്യമന്ത്രി അറിയിച്ചത്. സപ്ളൈകോ ഹാപ്പി അവേഴ്സ് എന്ന പേജിലാണ് ഈ പദ്ധതി അവതരിപ്പിച്ചത്. സംസ്ഥാനത്തെ സപ്ലൈകോ സൂപ്പർമാർക്കറ്റുകളിലും ഹൈപ്പർ മാർക്കറ്റുകളിലും ഉച്ചയ്ക്കു രണ്ടു മുതൽ മൂന്നു മണിവരെ വരെ പൊതുജനങ്ങൾക്കു പ്രത്യേക വിലക്കുറവിൽ സാധനങ്ങൾ വാങ്ങാനാകുമെന്നാണ് അറിയിപ്പ്.

സബ്സിഡി ഇല്ലാത്ത ഉത്പന്നങ്ങൾ വാങ്ങുന്ന ഉപഭോക്താക്കളുടെ ബിൽ തുകയിൽ നിന്ന് നിലവിലുള്ള വിലക്കുറവിന് പുറമേ 10 ശതമാനം അധിക വിലക്കുറവ് ഈ പദ്ധതി പ്രകാരം നൽകും. സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി എല്ലാ ജില്ലകളിലും സപ്ലൈകോയുടെ സിഗ്നേച്ചർ മാർട്ടുകൾ തുറക്കാനും പദ്ധതിയുണ്ട്. ഓരോ സൂപ്പർ മാർക്കറ്റ് വീതം ആധുനിക നിലവാരത്തിൽ നവീകരിച്ചാകും സിഗ്നേച്ചർ മാർട്ടുകളാക്കുക.

## കശ്മീരിൽ ഭീകരരുമായി ഏറ്റുമുട്ടൽ; 4 സൈനികർക്കു വീരമൃത്യു

**ശ്രീനഗർ:** ജമ്മു കശ്മീരിലെ ദോഡയിൽ ഭീകരരുമായുള്ള ഏറ്റുമുട്ടലിൽ 4 സൈനികർക്കു വീരമൃത്യു. തിങ്കളാഴ്ച രാത്രിയുണ്ടായ ഏറ്റുമുട്ടലിൽ പരിക്കേറ്റ സൈനിക ഓഫിസർ ഉൾപ്പെടെയുള്ളവരാണു മരിച്ചത്. ജമ്മു കശ്മീർ പൊലീസിലെ ഉദ്യോഗസ്ഥനും പരിക്കേറ്റു. ഭീകരരെ തിരഞ്ഞു പൊലീസും സൈന്യവും നടത്തിയ സംയുക്ത ഓപ്പറേഷനിടെയാണു സംഭവം.

ഏറ്റുമുട്ടലിനിടെ പരുക്കേറ്റ സൈനികർ ചൊവ്വാഴ്ച രാവിലെയാണു മരിച്ചത്. പാക്കിസ്ഥാന്റെ പൂർണ പിന്തുണയുള്ള ജയ്ഷെ മുഹമ്മദിന്റെ നിഴൽ സംഘമായ 'കശ്മീർ ടൈഗേഴ്സ്' ആണു ആക്രമണത്തിനു പിന്നിലെന്നു സൈന്യം അറിയിച്ചു. കഴിഞ്ഞയാഴ്ച കഠ്വയിൽ ഏറ്റുമുട്ടലിനിടെ 5 സൈനികർ വീരമൃത്യു വരിച്ചിരുന്നു. സായുധ പരിശീലനം നേടിയ അറുപതിലേറെ ഭീകരർ ജമ്മുവിൽ മാത്രം തമ്പടിച്ചിട്ടുണ്ടെന്നാണു റിപ്പോർട്ട്.



## നാല് ജില്ലകളിൽ ശക്തമായ കാറ്റിന് സാധ്യത; 50 കി.മീ വരെ വേഗതയിൽ കാറ്റ് വീശിയേക്കാം

**തിരുവനന്തപുരം:** സംസ്ഥാനത്ത് നാല് ജില്ലകളിൽ അതി ശക്തമായ കാറ്റിന് സാധ്യത. കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശൂർ ജില്ലകളിൽ ആണ് മുന്നറിയിപ്പ് നൽകിയിട്ടുള്ളത്.

50 കി.മീ വേഗതയിൽ കാറ്റ് വീശിയേക്കുമെന്നാണ് ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ മുന്നറിയിപ്പ്. നാല് ജില്ലകളിൽ ശക്തമായ മഴയ്ക്കും സാധ്യതയുണ്ടെന്ന് മുന്നറിയിപ്പിൽ പറയുന്നു.പൊതു ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ ഭരണകൂടവും അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ശക്തമായ മഴ തുടരുന്ന സാഹചര്യമാണുള്ളത്. ഇന്ന് അഞ്ച് ജില്ലകളിലാണ് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുള്ളത്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ഓറഞ്ച് അലർട്ട്.

## നൂറു കോടിയുടെ പദ്ധതിയുമായി സിസ്ട്രോം ടെക്നോളജീസ്

**തിരുവനന്തപുരം:** രാജ്യത്തെ ടെലികോം, നെറ്റ്വർക്കിങ് ഉത്പന്ന മേഖലയിലെ പ്രമുഖ നിർമാതാക്കളായ ഹരിയാന ആസ്ഥാനമായി പ്രവർത്തിക്കുന്ന സിസ്ട്രോം ടെക്നോളജീസ് കേരളത്തിലെ ആദ്യ ഇലക്ട്രോണിക് നിർമാണ കേന്ദ്രം തിരുവനന്തപുരത്ത് തുറന്നു. കമ്പനിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിൻറെ ഭാഗമായി നൂറു കോടി രൂപയിലധികം മുതൽമുടക്കിൽ നിർമിച്ച അത്യാധുനിക ഫാക്ടറി കഴക്കൂട്ടത്തെ കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിലാണ് സ്ഥിതി ചെയ്യുന്നത്. ആത്മനിർഭർ ഭാരതിൻറെ ഭാഗമായി ആരംഭിച്ച നിർമാണ കേന്ദ്രത്തിൻറെ പ്രവർത്തനോദ്ഘാടനം ടെസോൾവ് സ്ഥാപകനും ടാറ്റ ഇലക്ട്രോണിക്സിൻറെ മുൻ സിഇഒയുമായ പി. രാജമാണിക്യം, കിൻഫ്ര എംഡി സന്തോഷ് കോശി, ഇൻഡസ്ട്രിയൽ ഡയറക്ടർ ഹരികിഷോർ ഐഎഎസ് എന്നിവർ ചേർന്ന് നിർവഹിച്ചു.

അത്യാധുനികവും നൂതനവുമായ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി വ്യവസായ മേഖലയുടെ ആവശ്യകതയ്ക്ക് അനുസരിച്ചുള്ള നിലവാരമേറിയ ടെലികോം, നെറ്റ്വർക്കിംഗ് ഉത്പന്നങ്ങൾ നിർമിക്കുന്നതിലാണ് സിസ്ട്രോം ടെക്നോളജീസ് ശ്രദ്ധകേന്ദ്രീകരിക്കുന്നത്. പുതിയ ഫാക്ടറി യാഥാർത്ഥ്യമായതോടെ അടുത്ത മൂന്ന് വർഷത്തിനുള്ളിൽ 1000 കോടിയിലധികം വിപണി വിഹിതം കൈവരിക്കുകയാണ് കമ്പനി ലക്ഷ്യം. കേരളത്തിലെ ആദ്യ ഫാക്ടറി യാഥാർത്ഥ്യമായതിലൂടെ നിരവധി തൊഴിൽ അവസരമാണ് ഈ മേഖലയിൽ കമ്പനി സൃഷ്ടിച്ചത്.

അത്യന്താധുനിക ടെലികോം, നെറ്റ്വർക്കിങ് ഉത്പന്നങ്ങളുടെ നിർമാണകേന്ദ്രം തലസ്ഥാനത്ത് തുറന്നതോടെ കേരളം രാജ്യത്തിൻറെ ഹൈടെക് ഭൂപടത്തിൽ ഇടം പിടിക്കുമെന്ന് എം.ടി അനിൽ രാജ് പറഞ്ഞു. ഇലക്ട്രോണിക്സ് ഉത്പന്നങ്ങളുടെ നിർമാണത്തിൽ രാജ്യത്തെ സ്വയംപര്യാപ്തമാക്കാനും വ്യവസായ മേഖലയിലെ കുതിച്ചുചാട്ടത്തിനും സിസ്ട്രോമിൻറെ ഈ ചുവട് വെയ്പ്പ് കാരണമാകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഒരു വർഷത്തിനുള്ളിൽ ഉത്പാദനം നാലിരട്ടിയാകുമെന്ന് പ്രതീക്ഷിക്കുന്നതായും ഇത് മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സാമ്പത്തിക വളർച്ചയ്ക്കും വഴിയൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു.

അഡ്മിഷൻ തുടരുന്നു...

2024-2025
Integrated
MBA
MCA
(5 years)
Qualification: Plus Two
OTHER COURSES:
B.Sc. Food Technology
B.Sc. Microbiology
B.Sc. Cyber Forensic
B.Sc. Apparel and Fashion Technology
B.A. Animation
KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

# എറണാകുളം ശ്രീ അയ്യപ്പൻ കോവിലിൽ രാമായണം മാസാചരണം

**കൊച്ചി:** എറണാകുളം ശ്രീ അയ്യപ്പൻ കോവിലിൽ രാമായണം മാസാചരണവും ഗണപതി ഹവനവും ഭഗവതി സേവയും ഇന്ന് നടക്കും. ആഗസ്റ്റ് 16 വരെ പ്രത്യേകം സജ്ജമാക്കിയ യാഗശാലയിൽ എല്ലാ ദിവസവും രാവിലെ ആറിന് ഗണപതി ഹവനവും രാത്രി ഏഴരയ്ക്ക് ഭഗവതി സേവയും നടക്കും. ഗണപതി ഹവനവും ഭഗവതി സേവയും നടത്താൻ ആഗ്രഹിക്കുന്ന ഭക്തജനങ്ങൾ മുൻകൂട്ടി ദേവസ്വം കൗണ്ടറിൽ ബുക്ക് ചെയ്യണം. ഫോൺ വഴിയും ഓൺലൈൻ ആയും ബുക്ക് ചെയ്യാം. ആഗസ്റ്റ് മൂന്നിന് കർക്കടക വാവ് ദിനത്തിൽ ക്ഷേത്ര മൈതാനിയിൽ രാവിലെ അഞ്ചര മുതൽ പിതൃതർപ്പണത്തിനു അവസരമുണ്ടാകും. ആഗസ്റ്റ് 16 ന് അഷ്ടദ്രവ്യമഹാഗണപതിഹവനവും 17 ന് ഇല്ലംനിറ പുത്തരിയും നടക്കും.

# ശ്രീ കുറുംമ്പ ട്രസ്റ്റിന്റെ നേതൃത്വത്തിൽ സാമൂഹികവിവാഹം നടന്നു

**പാലക്കാട്:** ശ്രീ കുറുമ്പ എജുക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് സ്ത്രീധനരഹിത സാമൂഹിക വിവാഹ ചടങ്ങ് സംഘടിപ്പിച്ചു. മൂലംകോട് ശ്രീ കുറുമ്പ ഭഗവതി കല്യാണ മണ്ഡപത്തിൽ നടന്ന ചടങ്ങിൽ പാലക്കാട് ജില്ലയിൽ നിന്നുള്ള 13 ദമ്പതികളാണ് വിവാഹിതരായത്. തുടർച്ചയായ 14 വർഷക്കാലമായി തുടർന്നുവരുന്ന സ്ത്രീധനരഹിത സാമൂഹിക വിവാഹ ചടങ്ങിന് നേതൃത്വം നൽകുന്നത് 1994 ൽ പി.എൻ.സി മേനോനും അദ്ദേഹത്തിന്റെ പത്നി ശോഭ മേനോനും ചേർന്ന് സ്ഥാപിച്ച ജീവകാരുണ്യപ്രവർത്തന ട്രസ്റ്റാണ്. ശോഭ ലിമിറ്റഡ് കമ്പനിയുടെ സാമൂഹികപ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് എല്ലാ കൊല്ലവും സാമൂഹികവിവാഹം സംഘടിപ്പിച്ചുവരുന്നത്. നിർധന കുടുംബങ്ങളിൽ നിന്നുള്ള 697 യുവതികൾക്കാണ് ഇതുവരെ പുതുജീവിതം സമ്മാനിച്ചത്.ചടങ്ങിൽ ശോഭ മേനോൻ , മുൻ മന്ത്രിമാരായ കെ ഇ ഇസ്മെയിൽ, വി സി കബീർ, എം എൽ എ കെ ഡി പ്രസേനൻ,എഡിജിപി പി വിജയൻ ഐ പി എസ്, ഗോപിനാഥ് മുതുകാട് തുടങ്ങിയവർ പങ്കെടുത്തു

# സംസ്ഥാനത്തുടനീളം 100 ഫാസ്റ്റ് ചാർജ്ജിഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനൊരുങ്ങി ഇവോക്

**കൊച്ചി:** ഇലക്ട്രിക്ക് വാഹന ഉടമകളുടെ ചാർജ്ജിഗ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ട് കേരളമുടനീളം 100 ഫാസ്റ്റ് ചാർജ്ജിഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനൊരുങ്ങി സംസ്ഥാനത്തെ വൈദ്യുതി വാഹന ഉടമകളുടെ കൂട്ടായ്മയായ ഇലക്ട്രിക് വെഹിക്കിൾസ് ഓണേഴ്സ് കേരള (ഇവോക്). കഴിഞ്ഞ വർഷം 30 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ സംസ്ഥാനത്തുടനീളം ഇവോക് സ്ഥാപിച്ചിരുന്നു. എനർജി ടെക്നോളജി രംഗത്ത് പ്രവർത്തിക്കുന്ന മുൻനിര കേരള സ്റ്റാർട്ട്അപ്പായ ചാർജ്മോഡുമായി സഹകരിച്ചാണ് പദ്ധതി.ഇവോക്കിന്റെ എറണാകുളത്ത് നടന്ന പൊതുയോഗത്തിൽ സംഘടനയുടെ പ്രസിഡൻറായി അഞ്ചൽ റെജി മോൻ, സെക്രട്ടറിയായി പി.എസ്സ്. മുത്തയ്യൻ, ട്രഷറർ ആയി വിശ്വനാഥൻ രക്ഷാധികാരിയായി ഡോ. രാജസേനൻ നായർ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.ഇവോക് അംഗങ്ങളായ വാഹന ഉടമകൾക്ക് ചാർജ്ജിഗ് റേറ്റിൽ സബ്സിഡി നൽകുവാനും ഇലക്ട്രിക്ക് വാഹന ഉടമകളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുവാൻ യോഗത്തിൽ തീരുമാനമായി.ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം കൂട്ടുന്നതിന് വേണ്ടിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും പ്രശ്നരഹിതമായി ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങളും സംസ്ഥാനമൊട്ടാകെ നൽകിവരുന്ന കേരളത്തിലെ ഇലക്ട്രിക്ക് വാഹന ഉടമകളുടെ കൂട്ടായ്മയാണ് ഇവോക്(ഋഢഛഗ). രാജ്യത്തെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള വിവിധ ഏജൻസികളുടെ ഉദ്യമങ്ങളെ പിന്തുണക്കുകയും സഹായിക്കുകയുമാണ് ഇവോക്കിന്റെ മുഖ്യ ലക്ഷ്യം.

# സംസ്കൃത സർവ്വകലാശാല ഗസ്റ്റ് അധ്യാപക ഒഴിവ്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ജ്യോഗ്രഫി വിഭാഗത്തിൽ ഫിസിക്കൽ ജ്യോഗ്രഫിയിൽ സ്പെഷ്യലൈസേഷനുള്ള ഗസ്റ്റ് അധ്യാപക ഒഴിവിലേക്ക് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. ജ്യോഗ്രഫിയിൽ 55% മാർക്കോടെ ബിരുദാനന്തര ബിരുദവും യു ജി സി നെറ്റുമാണ് അടിസ്ഥാന യോഗ്യത. ഫിസിക്കൽ ജ്യോഗ്രഫിയിൽ സ്പെഷ്യലൈസേഷനും പ്രവർത്തിപരിചയവും അഭികാമ്യം. താൽപര്യമുള്ള ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രവർത്തിപരിചയം, ജാതി എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 23ന് രാവിലെ 10ന് കാലടി മുഖ്യക്യാമ്പസിലുള്ള മീഡിയ സെന്ററിൽ ഹാജരാകണമെന്ന് സർവ്വകലാശാല അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ :9446389010, 9744825768.

# വെൻ ബിസ്കോൺ ആഗസ്റ്റ് 9 ന് കൊച്ചി ഗ്രാൻഡ് ഹയാത്തിൽ

**കൊച്ചി:** വിമെൻ എൻട്രപ്രണേഴ്സ് നെറ്റ്വർക്ക് ഫൗണ്ടേഷൻ (വെൻ) ൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വനിതാ സംരംഭക സംഗമം വെൻ ബിസ്കോൺ ആഗസ്റ്റ് 9 ന് ബോൾഗാട്ടി ഗ്രാൻഡ് ഹയാത്തിൽ നടക്കും. വിവിധ വ്യവസായങ്ങളിൽ നിന്നായി 700 പ്രതിനിധികൾ പങ്കെടുക്കും. ബ്രേക്കിംഗ് ബാരിയേഴ്സ്, ബിൽഡിംഗ് ലെഗസീസ് എന്ന ടാഗ് ലൈനിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഇൻസ്പയർ, ഇന്നവേറ്റ്, ഇവോൾവ് എന്നതാണ് സമ്മേളന വിഷയം. ഇൻഫ്ലുവൻസറും സംരംഭകയുമായ പേർളി മണി ആമുഖ പ്രസംഗം വഹിക്കും. നാചറൽസ് സലൂൺ ആൻഡ് സ്പാ സഹസ്ഥാപകനും സിഎംഡിയുമായ സി.കെ കുമാരവേൽ, മേക് അപ്പ് ആർട്ടിസ്റ്റും ഹെയർ സ്റ്റയിലിസ്റ്റും അംബിക പിള്ള ബ്രാൻഡ് ഉടമയുമായ അംബിക പിള്ള എന്നിവർ സംസാരിക്കും. അർത്ഥ ഫിനാൻഷ്യൽ സർവീസിനെ പ്രതിനിധീകരിച്ച് ഉത്തര രാമകൃഷ്ണൻ ധനകാര്യ മേഖലയെ കുറിച്ച് സംസാരിക്കും. ലക്ഷ്മി മേനോൻ (അമ്മൂമ്മത്തിരി), നോറിൻ അയ്ഷ (ഫെമിസേഫ്), നികിത ശങ്കർ (ഷോപ്പർ ഡോട്ട് കോം), സാംസ്കാരിക പൈതൃക സംരക്ഷണത്തിന് യുനെസ്കോ പുരസ്കാരം നേടിയ സ്വാതി സുബ്രഹ്മണ്യൻ (ഇഴ കൺസർവേഷൻ ആർക്കിറ്റെക്റ്റ്സ്) എന്നിവർ സ്റ്റാർട്ടപ്പ് സംരംഭങ്ങളെ കുറിച്ച് സംസാരിക്കും.ചിന്തകർ, വ്യവസായ വിദഗ്ധർ, നയരൂപീകരണ വിദഗ്ധർ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കും. ആശയരൂപീകരണവും ചർച്ചയും സമ്മേളനത്തിൻറെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. പ്രവേശന പാസുകളും ഈ സൈറ്റിലൂടെ ബുക്ക് ചെയ്യാം. പുരുഷന്മാർക്കും വിദ്യാർഥികൾക്കും. സമ്മേളനത്തിൽ പങ്കെടുക്കാം.കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും: https://www.wenindia.org/wenbizcon.വനിതാ സംരംഭക ശാക്തീകരണം ലക്ഷ്യമിട്ട് ആരംഭിച്ച വെൻ 900 ലേറെ അംഗങ്ങളുള്ള രജിസ്റ്റേർഡ് സൊസൈറ്റിയാണ്. കൊച്ചി, തൃശൂർ, കോഴിക്കോട്, കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ ചാപ്റ്ററുകളുണ്ട്. ചെറുകിട വ്യവസായ യൂണിറ്റുകൾ മുതൽ വ്യവസായ രംഗത്തെ പ്രമുഖരായ വനിതകൾ വരെ ഇതിൽ അംഗങ്ങളാണ്.




# സാമ്പത്തിക മേഖലയിലെ അനാവശ്യ നിയന്ത്രണങ്ങൾ ഒഴിവാക്കണം

**കൊച്ചി:** സാധാരണക്കാരായ ജനങ്ങളുടെ സാമ്പത്തിക ആവശ്യങ്ങളേയും സാമ്പത്തീക മേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട സ്ഥാപനങ്ങളുടെ നിലനിൽപിനേയും മോശമായി ബാധിക്കുന്നു എന്നതിനാൽ സാമ്പത്തിക മേഖലയിലെ അനാവശ്യ നിയന്ത്രണങ്ങൾ ഒഴിവാക്കണന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ആവശ്യപ്പെട്ടു. നിധി കമ്പനീസ് അസോസിയേഷൻ എറണാകുളം സോണൽ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു സതീശൻ.

കറൻസി ഒരു വിനിമയ മാധ്യമം കൂടിയാണ്. അതിനാൽ പണം സാധാരണക്കാരുടെ കയ്യിൽ എത്തിയാൽ മാത്രമേ നാട്ടിൽ പുരോഗതി ഉണ്ടാകൂ. വൻ തുക കുറച്ച് വ്യക്തികളുടെ കയ്യിൽ എത്തിയാലും അത് വിപണിയിൽ സർക്കുലേറ്റ് ചെയ്യപ്പെടുമെന്ന് ഉറപ്പില്ല. എന്നാൽ ചെറിയ തുകകൾ സാധാരണക്കാരായ കൂടുതൽ ആളുകൾക്കു ലഭിച്ചാൽ ആ പണം കൃത്യമായി മാർക്കറ്റിൽ ചെലവഴിക്കപ്പെടും. ഇത് വിപണിയെ സജീവമാക്കുന്നതിനും നികുതി ഇനത്തിൽ ചെറിയൊരു തുക സർക്കാർ ഖജനാവിൽ ലഭിക്കുന്നതിനും കാരണമാക്കുകയും ചെയ്യുമെന്നും സതീശൻ അഭിപ്രായപ്പെട്ടു. മുൻമന്ത്രി എസ്. ശർമ ബിസിനസ് അവാർഡുകളും ബിജെപി സംസ്ഥാന വൈസ് പ്രസിഡണ്ട് കെ.എൻ രാധാകൃഷ്ണൻ വിദ്യാഭ്യാസ അവാർഡുകളും വിതരണം ചെയ്തു. എ ജി എം ഉദ്ഘാടനം എൻ സി എ സംസ്ഥാന പ്രസിഡൻറ് ഡേവിസ് എ. പാലത്തിങ്കൽ നിർവഹിച്ചു. എറണാകുളം സോണൽ പ്രസിഡൻറ് എം. വി മോഹനൻ അധ്യക്ഷനായിരുന്നു.

സംസ്ഥാന ജനറൽ സെക്രട്ടറി എ. എ സലീഷ്, സോണൽ സെക്രട്ടറി കെ. ഒ വർഗീസ് എന്നിവർ മുഖ്യ പ്രഭാഷണങ്ങൾ നടത്തി. കമ്പനി കോമ്പൗണ്ടിംഗ് വിഷയങ്ങളെ ക്കുറിച്ച് സംസ്ഥാന വൈസ് പ്രസിഡൻറ് ഇ. എ ജോസഫ് വിശദീകരിച്ചു. സ്റ്റേറ്റ് കോഡിനേറ്റർ ജിമ്മി ജോർജ് അംഗങ്ങൾക്ക് ഏർപ്പെടുത്തിയ ഇൻഷ്വറൻസ് പോളിസികളുടെ വിതരണം നടത്തി.

സംസ്ഥാന ട്രഷറർ എം. ജെ ജോജു, സെക്രട്ടറിമാരായ എം. സുരേഷ്, ഗോപൻ സി. നായർ, പി. ബി സുബ്രഹ്മണ്യൻ. വിവിധ സോണൽ പ്രസിഡന്റുമാരായ പി. സി നിധീഷ്, ജെ. ഹേമചന്ദ്രൻ നായർ, അടൂർ സേതു, സംസ്ഥാന സമിതി അംഗം ജെന്നി എം. ജോർജ്, എറണാകുളം സോൺ വൈസ് പ്രസിഡൻറ് രാജഗോപാൽ സി, സ്വാഗത സംഘം വൈസ് ചെയർമാൻമാരായ ജോഷി ടി.ബി, എസ്. ബി വാസുദേവ മേനോൻ, അഗസ്റ്റസ് സിറിൽ, എറണാകുളം സോൺ ജോ. സെക്രട്ടറി ജോബി ജോർജ്, ട്രഷറർ വി. എസ് തങ്കപ്പൻ, ജിനോ പൊയ്യാറാ എന്നിവർ പ്രസംഗിച്ചു. നിധി നിയമങ്ങൾ, എൻ ഡി എച്ച് 4 റീ സബ്മിഷൻ എന്നീ വിഷയങ്ങളിൽ സെമിനാറുകൾ എന്നിവയായിരുന്നു മറ്റു പരിപാടികൾ.

# സോണി ഇന്ത്യ പുതിയ സൗണ്ട്ബാറുകൾ അവതരിപ്പിച്ചു



**കൊച്ചി:** സോണി ഇന്ത്യ ഏറ്റവും പുതിയ ബ്രാവിയ തിയറ്റർ ബാർ 8, ബ്രാവിയ തിയറ്റർ ബാർ 9 എന്നിവ വിപണിയിൽ അവതരിപ്പിക്കുന്നതായി പ്രഖ്യാപിച്ചു. ശബ്ദമികവിൽ സോണിയുടെ വൈദഗ്ധ്യം സംയോജിപ്പിച്ചുള്ള ഈ അത്യാധുനിക സൗണ്ട്ബാറുകൾ, വീടുകളിൽ സമാനതകളില്ലാത്ത സിനിമാറ്റിക് അനുഭവം നൽകുന്നതിനായാണ് രൂപകൽപന ചെയ്തിരിക്കുന്നത്. സ്ട്രീമിങ് സേവനങ്ങളുടെ വിപുലീകരണം കണക്കിലെടുത്ത് മികച്ച ശബ്ദനിലവാരത്തിലും അത്യാധുനിക നിലവാരത്തിലും സിനിമാറ്റിക് അനുഭവം നൽകുന്നതിന്, ബ്രാവിയ തിയേറ്റർ ബാർ 8ൽ 11 സ്പീക്കർ യൂണിറ്റുകളും, ബ്രാവിയ തിയേറ്റർ ബാർ 9ൽ 13 സ്പീക്കർ യൂണിറ്റുകളും സജ്ജീകരിച്ചിട്ടുണ്ട്.യഥാർഥ ഫിസിക്കൽ സ്പീക്കറുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ ഒന്നിലധികം ഫാൻറം സ്പീക്കറുകൾ സൃഷ്ടിക്കുന്ന സോണിയുടെ 360 സ്പേഷ്യൽ സൗണ്ട് മാപ്പിങ് സാങ്കേതികവിദ്യയാണ് പുതിയ ബ്രാവിയ തിയേറ്റർ ബാറുകളുടെ വലിയ സവിശേഷത. സൗണ്ട് ഫീൽഡ് ഒപ്റ്റിമൈസേഷനുമായും പുതിയ ബാറുകൾ സംയോജിക്കുന്നുണ്ട്. ഡോൾബി അറ്റ്മോസ് ഇമ്മേഴ്സീവ്, ഡിടിഎസ് എന്നിവയുൾപ്പെടെയുള്ള മികച്ച ഓഡിയോ സാങ്കേതികവിദ്യകളെ പിന്തുണയ്ക്കുന്നതോടൊപ്പം ഐമാക്സ് എൻഹാൻസ്ഡ് സർട്ടിഫിക്കേഷനും ഉണ്ട്.അക്കോസ്റ്റിക് സെൻറർ സിങ്ക്, വോയ്സ് സൂം 3, പുതിയ ബ്രാവിയ കണക്ട് ആപ്പ്, 360 റിയാലിറ്റി ഓഡിയോ എന്നിവയാണ് മറ്റു സവിശേഷതകൾ . 2024 ജൂലൈ 15 മുതൽ സോണി റീട്ടെയിൽ സ്റ്റോറുകളിലും (സോണി സെൻറർ , സോണി എക്സ്ക്ലൂസീവ്), ०००.ടവീുമ ടേഇ.രീാ പോർട്ടൽ, പ്രധാന ഇലക്ട്രോണിക് സ്റ്റോറുകൾ , മറ്റ് ഇകൊമേഴ്സ് വെബ്സൈറ്റുകൾ എന്നിവയിലും പുതിയ ബ്രാവിയ തിയേറ്റർ ബാർ 8, ബ്രാവിയ തിയേറ്റർ ബാർ 9 ലഭ്യമാവും. ബ്രാവിയ തിയറ്റർ ബാർ 8ന് 89,990 രൂപയും, ബ്രാവിയ തിയറ്റർ ബാർ 9ന് 1,29,990 രൂപയുമാണ് വില. 8000 രൂപയുടെയും, 10000 രൂപയുടെയും ക്യാഷ്ബാക്ക് ഓഫർ, 8000 രൂപയുടെ പ്രത്യേക കോംബോ ഓഫറും ഇതോടൊപ്പം ലഭിക്കും.



## ഉന്നത വിജയം നേടിയവരെ പവിഴം ഗ്രൂപ്പ് ആദരിച്ചു

**പെരുമ്പാവൂർ:** പ്രമുഖ ഭക്ഷ്യോത്പന്ന സ്ഥാപനമായ പവിഴം ഗ്രൂപ്പ് എസ്എസ്എൽസി, പ്ലസ്ടു പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർഥികൾക്ക് കാഷ് അവാർഡും മൊമൻറോയും നൽകി ആദരിച്ചു.

ബെന്നി ബഹനാൻ എംപി അവാർഡുകൾ വിതരണം ചെയ്തു. ചടങ്ങിൽ നമ്പ്യാട്ടുകുടി പാപ്പച്ചൻ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിൻറെ ഈ വർഷത്തെ ചികിത്സാ പദ്ധതിയുടെ ഉദ്ഘാടനം എൽദോസ് കുന്നപ്പിള്ളി എംഎൽഎൽ നിർവഹിച്ചു.

ഭവന നിർമാണ പദ്ധതിയുടെ ഉദ്ഘാടനം കുവപ്പടി പഞ്ചായത്ത് വൈസ് പ്രസിഡൻറ് എം.ഒ. ജോസ് നിർവഹിച്ചു. മുൻ പഞ്ചായത്ത് പ്രസിഡൻറ് സിന്ധു അരവിന്ദ് ,പവിഴം ഗ്രൂപ്പ് ചെയർമാൻ എൻ.പി. ജോർജ്,

മാനേജിംഗ് ഡയറക്ടർ എൻ.പി. ആൻറണി, ഡയറക്ടർമാരായ റോബിൻ ജോർജ്, റോയി ജോർജ്, റിയ ജോർജ്, ഗോഡ്വിൻ ആൻറണി എന്നിവർ സംസാരിച്ചു. അരിക്കാർ ഗ്രൂപ്പ് ഡയറക്ടർ റോയ് ജോർജ് സ്വാഗതം പറഞ്ഞു.

## യുടിഐ ലാർജ് ക്യാപ് ഫണ്ട് : ആസ്തികൾ 13,100 കോടി രൂപ കടന്നു

**കൊച്ചി:** ഇന്ത്യയിലെ ആദ്യ ഇക്വിറ്റി അധിഷ്ഠിത പദ്ധതിയായ യുടിഐ ലാർജ് ക്യാപ് ഫണ്ട് കൈകാര്യം ചെയ്യുന്ന ആകെ ആസ്തികൾ 13,100 കോടി രൂപയിലെത്തിയതായി 2024 ജൂൺ 30ലെ കണക്കുകൾ സൂചിപ്പിക്കുന്നു. ലാർജ് ക്യാപ് ഓഹരികളിൽ മുഖ്യമായി നിക്ഷേപിച്ച് നേട്ടമുണ്ടാക്കുന്ന രീതിയാണ് 1986 ഒക്ടോബറിൽ ആരംഭിച്ച ഈ പദ്ധതി പിന്തുടരുന്നത്. ആകെ 15.80 ശതമാനം സംയോജിത നേട്ടമാണ് പദ്ധതി കൈവരിച്ചിട്ടുള്ളത്. പദ്ധതി ആരംഭിച്ചപ്പോൾ നിക്ഷേപിച്ച 10 ലക്ഷം രൂപ ഇപ്പോൾ 25.35 കോടി രൂപയായി വർധിച്ചിട്ടുണ്ടെന്നും ജൂൺ 30ലെ കണക്കുകൾ സൂചിപ്പിക്കുന്നു.



## ജസ്റ്റിസ് സുകുമാരന്റെ 94ാം ജന്മദിന ആഘോഷം നടന്നു

**കൊച്ചി:** അറിയപ്പെടുന്ന നിയമജ്ഞനും, പ്രഭാഷകനും ഇന്ത്യൻ സൊസൈറ്റി ഓഫ് ഓതേഴ്സ് (ഇൻസ) രക്ഷാധികാരിയും തന്റെ തൊണ്ണൂറുകളിലും കേരളത്തിലെ വിവിധമായ ധാരാളം പൊതുജന താൽപര്യ വിഷയങ്ങളിൽ ഇടപെടുകയും പങ്കെടുക്കുകയും ചെയ്യുന്ന ജസ്റ്റിസ് കെ സുകുമാരന്റെ 94ാം ജന്മദിന ആഘോഷം എറണാകുളം മംഗളവനം ഓഡിറ്റോറിയത്തിൽ നടന്നു. ഇൻസ പ്രസിഡന്റ് ജസ്റ്റിസ് പി എസ് ഗോപിനാഥൻ,അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ ജില്ലാ ജഡ്ജിയും ഇൻസ സെക്രട്ടറി ജനറലുമായ സുന്ദരം ഗോവിന്ദ്, ഇൻസ മുൻ സെക്രട്ടറി ജനറലും ഡെമോക്രാറ്റിക് സോഷ്യൽ ജസ്റ്റിസ് പാർട്ടി പ്രസിഡന്റുമായ കെ. എസ്. ആർ. മേനോൻ, ചരിത്രകാരനും, സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് മുൻ മേധാവിയുമായ ടി. പി. ശങ്കരൻകുട്ടി നായർ തുടങ്ങിയവർ ജസ്റ്റിസ് സുകുമാരനെ പൊന്നാട അണിയിച്ച് ആദരിച്ചു.

ചലച്ചിത്ര ഗാനരചയിതാവ് പൂച്ചാക്കൽ ഷാഹുൽ മംഗള പത്രവും കവി കൊച്ചനിയൻ ജന്മദിനാശംസ കവിതയും സമർപ്പിച്ചു. ഡോ എസ് അനന്ത നാരായണൻ, റിട്ട. ഡയറക്ടർ, നേവൽ ഫിസിക്കൽ ആൻഡ് ഓഷ്യനോഗ്രാഫിക് ലബോറട്ടറി, പ്രൊഫസർ വിമല മേനോൻ, സുകുമാർ അരീക്കുഴ, രാധാകൃഷ്ണൻ, പുരുഷൻ മാന്തറ, കെഎം ഖാലിദ് തുടങ്ങിയവർ സംസാരിച്ചു. പ്രൊഫസർ ഡോ. ജയകുമാരിയുടെ 'എന്റെ ബാല്യകാല യാത്രാനുഭവങ്ങൾ' എന്ന പുസ്തകത്തിന്റെ പ്രകാശനവും ചടങ്ങിൽ നടന്ന. പുസ്തകത്തിന്റെ ആദ്യ കോപ്പി ജസ്റ്റിസ് സുകുമാരനിൽ നിന്നും ജസ്റ്റിസ് ഗോപിനാഥ് ഏറ്റുവാങ്ങി

ഇൻസ പ്രസിദ്ധീകരിക്കുന്ന നവനീതം എന്ന മലയാളം ഇംഗ്ലീഷ് ദ്വിഭാഷാ പ്രസിദ്ധീകരണത്തിന്റെ എഡിറ്ററും കൂടിയാണ് ജസ്റ്റിസ് സുകുമാരൻ.

# ഓപ്പോ ഇന്ത്യ റെനോ 12 5ജി സീരീസ് അവതരിപ്പിച്ചു

**കൊച്ചി:** രാജ്യത്ത് എഐ ഫോണുകളുടെ ലഭ്യത ത്വരിതപ്പെടുത്തുന്നതിനുള്ള തങ്ങളുടെ ആദ്യ ചുവടുവയ്പ്പായ റെനോ സീരീസ് അവതരിപ്പിക്കുന്നതായി ഓപ്പോ ഇന്ത്യ പ്രഖ്യാപിച്ചു. 'യുവർ എവരിഡേ എഐ കമ്പാനിയൻ' എന്ന വിശേഷണത്തോടെയാണ് റെനോ 12 സീരീസ് വരുന്നത്. എഐ ഇറേസർ 2.0, എഐ ക്ലിയർ ഫേസ്, എഐ ബെസ്റ്റ് ഫേസ്, സ്മാർട്ട് ഇമേജ് മാറ്റിംഗ് 2.0 എന്നിങ്ങനെയുള്ള സവിശേഷതകൾ ഉണ്ടെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.. ദൈനംദിന സൃഷ്ടിപരത വർധിപ്പിക്കുന്നതിനായി എഐ റൈറ്റർ, എഐ സമ്മറി, എഐ സ്പീക്ക് എന്നിവ നൽകിയിരിക്കുന്നു. മാത്രമല്ല, ഗൂഗിൾ ജെമിനി എൽഎൽഎം കരുത്തേകുന്ന എഐ ടൂൾബോക്സും ഈ ഡിവൈസുകളുടെ ഭാഗമാണ്. റെനോ 12 പ്രൊ 5ജി 12ഏത്ത+256ജിബി മോഡലിന് 36,999 രൂപയും 12ജിബി +512ജിബി പതിപ്പിന് 40,999 രൂപയുമാണ് വില. 8ജിബി റാമും 256ജിബി സ്റ്റോറേജുമായി വരുന്ന റെനോ 5ജിയുടെ വില 32,999 രൂപയാണ്



# ഗുഡ്നൈറ്റ് ഫ്ളാഷ് ലിക്വിഡ് വേപറൈസർ അവതരിപ്പിച്ചു




**കൊച്ചി:** ഗോദ്റെജ് കൺസ്യൂമർ പ്രൊഡക്ട്സിലെ ശാസ്ത്രജ്ഞർ അവരുടെ പങ്കാളികളുമായി ചേർന്ന് ഇന്ത്യയിൽ തദ്ദേശീയമായി വികസിപ്പിച്ചതും പേറ്റൻറ് ഉള്ളതുമായ ആദ്യത്തെ മോളിക്യൂൾ ആയ റെനോഫ്ളൂത്രിൻ വികസിപ്പിച്ചു. കൊതുകു നിയന്ത്രണത്തിനായുള്ള ഏറ്റവും ഫലപ്രദമായ ലിക്വിഡ് വേപറൈസർ ഫോർമുലേഷനാണ് ഇതുണ്ടാക്കുന്നത്.

നിലവിൽ ഇന്ത്യയിൽ ലഭ്യമായ ഏതു രജിസ്ട്രേഡ് ലിക്വിഡ് വേപറൈസർ ഫോർമാറ്റുകളേക്കാളും കൊതുകുകൾക്കെതിരെ രണ്ടു മടങ്ങു കൂടുതൽ ഫലപ്രദമാണ് റെനോഫ്ളൂത്രിനിലൂടെ നിർമിക്കുന്ന ഈ ഫോർമുലേഷൻ. വീട്ടിലെ ഇൻസെക്ടിസൈഡ്സ് വിഭാഗത്തിലെ മുൻനിരക്കാരായ ജിസിപിഎൽ തങ്ങളുടെ പുതിയ ഗുഡ്നൈറ്റ് ഫ്ളാഷ് ലിക്വിഡ് വേപറൈസറിലാണ് ഈ റെനോഫ്ളൂത്രിൻ ഫോർമേഷൻ അവതരിപ്പിക്കുന്നത്.റീഫില്ലും വേപറൈസർ മിഷ്യനും അടങ്ങിയ സമ്പൂർണ പാക്കിന് 100 രൂപ വിലയിലാണ് ഗുഡ്നൈറ്റ് ഫ്ളാഷ് ലഭ്യമാക്കിയിട്ടുള്ളത്. റീഫില്ലുകൾ വെറും 85 രൂപ വീതമായും ലഭ്യമാക്കി ചെറിയ നഗരങ്ങളിലും പട്ടണങ്ങളിലും ഗ്രാമീണ ഭാഗങ്ങളിലുമുള്ള ഉപഭോക്താക്കൾക്കു സേവനം നൽകുകയാണ്.



# സഹൃദയ ആരോഗ്യ മാസാചരണത്തിന് തുടക്കമായി

**കൊച്ചി:** ആരോഗ്യ മേഖലയിൽ ഏറെ വളർന്നിട്ടും ആരോഗ്യ നിലവാരത്തിൽ പിന്നാക്കം നിൽക്കുന്നതിന്റെ കാരണം നമ്മുടെ പരമ്പരാഗത ആരോഗ്യ അറിവുകൾ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താത്തതാണെന്ന് ബിഷപ്പ് എമരിറ്റസ് മാർ തോമസ് ചക്യത്ത് അഭിപ്രായപ്പെട്ടു. എറണാകുളംഅങ്കമാലി അതിരൂപതാ സ്ഥാപനമായ സഹൃദയ നൈവേദ്യ ആയുർവേദ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ ആരോഗ്യ മാസാചരണത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. വളർന്നു വരുന്ന തലമുറകളിലേക്കും പാരമ്പര്യ ആരോഗ്യ അറിവുകൾ പകരാൻ നാം ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു. നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. കെ.വി.പി. ജയകൃഷ്ണൻ അധ്യക്ഷനായിരുന്നു. കൊച്ചി എഫ്.എം. സ്റ്റേഷൻ ഡയറക്ടർ ടി.പി. രാജേഷ് മുഖ്യ പ്രഭാഷണം നടത്തി. ചുറ്റുമുള്ള ജീവജാലങ്ങളുടെയും പരിസ്ഥിതിയുടേയും ആരോഗ്യം സംരക്ഷിക്കുമ്പോഴാണ് നമ്മുടേയും ആരോഗ്യ സംരക്ഷണം ഉറപ്പാക്കപ്പെടുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സഹൃദയ നൈവേദ്യ ആശുപത്രി പുറത്തിറക്കുന്ന ഔഷധക്കഞ്ഞി, ഹെർബൽ ഷാംപൂ എന്നിവയുടെ വിതരണ ഉദ്ഘാടനം ബിഷപ്പ് തോമസ് ചക്യത്ത് നിർവഹിച്ചു. സഹൃദയ ഡയറക്ടർ ഫാ. ജോസഫ് കൊളുത്തുവെള്ളിൽ, അസി.ഡയറക്ടർ ഫാ. സിബിൻ മനയംപിള്ളി, ഫാ. ജോസഫ് കൊടിയൻ, ഡോ. സിസ്റ്റർ ആൻജോ , ഡോ. സി. അനഘൻ, പാപ്പച്ചൻ തെക്കേക്കര എന്നിവർ സംസാരിച്ചു.

# പ്രാദേശിക ഭാഷയിൽ മെന്ററിങുമായി ഐഐഎം സമ്പൽപൂർ

**കൊച്ചി:** ചെറുകിട സംരംഭകർക്കായി ഐഐഎം സമ്പൽപൂർ ഇതാദ്യമായി പ്രാദേശിക ഭാഷയിലുള്ള മെൻററിങ് പരിപാടിക്കു തുടക്കം കുറിച്ചു. 12 ആഴ്ച നീളുന്ന വാരാന്ത്യങ്ങളിലുള്ള പരിശീലന പരിപാടിയുടെ രണ്ടു പതിപ്പുകളാണ് ഇതിനകം സംഘടിപ്പിച്ചത്. സിഡ്ബിയുടെ സഹകരണത്തോടെ സംഘടിപ്പിച്ച പരിശീലനത്തിൽ ഡിസൈൻ, ഡിജിറ്റൽ മാർക്കറ്റിങ്, ജിഎസ്ടി, സാമ്പത്തിക ആസൂത്രണം, ആശയവിനിമയം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിരുന്നു. പശ്ചിമ ഒഡിസയിലെ മാസ്റ്റർ വീവർമാർക്കായാണ് പരിപാടി നടത്തിയത്.തദ്ദേശീയ ഹാൻഡ്ലൂം വ്യവസായത്തെ പിന്തുണക്കുന്നതിൽ തങ്ങൾക്കു വൻ പ്രതിബദ്ധതയാണുള്ളതെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ ഐഐഎം സമ്പൽപൂർ ഡയറക്ടർ പ്രൊഫ. മഹാദിയോ ജെയ്സ്വാൾ പറഞ്ഞു.




# റേസിംഗ് കാറുകൾക്ക് ഇന്ത്യൻ ഓയിൽ സ്റ്റോം എക്സ് ഡെലിവറി നടത്തി

**കൊച്ചി:** റേസിംഗ് കാറുകൾക്കായി പ്രത്യേകം രൂപപ്പെടുത്തിയ ഉയർന്ന ഒക്ടേൻ ഗ്യാസോലിനായ സ്റ്റോം എക്സ്ന്റെ ചെന്നൈയിലെ മദ്രാസ് ഇന്റർനാഷണൽ സർക്യൂട്ടിലേക്കുള്ള കന്നി ഡെലിവറി ഡയറക്ടർ (മാർക്കറ്റിംഗ്) വി. സതീഷ് കുമാർ ഫ് ളാഗ് ഓഫ് ചെയ്തു. ഡയറക്ടർ (പൈപ്പ്ലൈൻസ്) എൻ. സെന്തിൽ കുമാർ, ഡയറക്ടർ (ആർ ആൻഡ് ഡി) അലോക് ശർമ എന്നിവർ പങ്കെടുത്തു. ഇന്ത്യൻ ഓയിൽ ചെയർമാൻ ശ്രീകാന്ത് മാധവ് വൈദ്യയുടെ ആശയവും പ്രചോദനവും ഉൾക്കൊണ്ട് രൂപപ്പെടുത്തിയ പ്രീമിയം റേസിംഗ് ഇന്ധനം അടുത്തിടെ രാജ്യവ്യാപകമായും അന്താരാഷ്ട്ര സർക്യൂട്ടിലെയും ടോപ്പ് എൻഡ് മോട്ടോർ റേസിംഗ് ഇവന്റുകൾക്കായി ലഭ്യമാക്കി തുടങ്ങിയിട്ടുണ്ടെന്ന് അധികൃതർ അറിയിച്ചു.

ഫരീദാബാദിലെ ഇന്ത്യൻ ഓയിൽ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സെന്റർ വികസിപ്പിച്ചെടുത്ത ഈ പ്രീമിയം റേസ് ഇന്ധനം പാരദീപ് റിഫൈനറിയിലെ അത്യാധുനിക സൗകര്യത്തിൽ ഉത്പാദിപ്പിച്ചിട്ടുള്ളതാണ്. പാനിപ്പത്ത് റിഫൈനറിയിൽ നിന്നുള്ള ടു ജി എത്തനോൾ ഉൾപ്പെടെയുള്ള നൂതന സുസ്ഥിര ഘടകങ്ങളുമായി ഉയർന്ന ഒക്ടേൻ റേറ്റിംഗ് ഗ്യാസോലിൻ സ്ട്രീമുകൾ ഇത് സമന്വയിപ്പിക്കുന്നു. ദുബായിലെ ബ്യൂറോ വെരിറ്റാസ് സാക്ഷ്യപ്പെടുത്തിയ ഈ ഇന്ധനം എഫ് ഐ എ (ഫെഡറേഷൻ ഇന്റർനാഷനെല് ഡി ഓട്ടോമൊബൈൽ) 2024 സ്പെസിഫിക്കേഷനുകൾ പാലിക്കുന്നു.

2024 സീസണിൽ മദ്രാസ് ഇന്റർനാഷണൽ സർക്യൂട്ടിൽ നടക്കുന്ന ഇന്ത്യൻ നാഷണൽ റേസിംഗ് ചാമ്പ്യൻഷിപ്പിന്റെ 3, 4 റൗണ്ടുകൾക്കായി മദ്രാസ് മോട്ടോർ സ്പോർട്സ് ക്ലബ്ബുമായി സഹകരിച്ചു കൊണ്ടാണ് ഇന്ത്യൻ ഓയിൽ 3ാം റൗണ്ടിനായി 55 ബാരൽ ലഭ്യമാക്കുന്നത്.

നൂതന സാങ്കേതിക കഴിവുകൾക്ക് പേരുകേട്ട പാരദീപ് റിഫൈനറി ഈ പ്രീമിയം റേസ് ഇന്ധനം വികസിപ്പിക്കുന്നതിലും ഉൽപ്പാദിപ്പിക്കുന്നതിലും നിർണായക പങ്ക് വഹിച്ചു. നൂതനത, സുസ്ഥിരത, ഉപഭോക്തൃ സംതൃപ്തി എന്നിവയ്ക്കുള്ള ഇന്ത്യൻ ഓയിലിന്റെ പ്രതിബദ്ധത ഇന്ത്യയുടെ വളർച്ചയ്ക്കും വികസനത്തിനും പ്രേരകമായി തുടരുന്നു.

# നെഹ്റു ട്രോഫി വള്ളംകളി: ടിക്കറ്റ് വിൽപന ഉദ്ഘാടനം ചെയ്തു

**ആലപ്പുഴ:** ഓഗസ്റ്റ് 10ന് പുന്നമട കായലിൽ നടക്കുന്ന 70ാ മത് നെഹ്റു ട്രോഫി വള്ളംകളിയുടെ ടിക്കറ്റ് വിൽപന ആലപ്പുഴ റവന്യൂ ഡിവിഷൻ ഓഫീസിൽ പി.പി. ചിത്തരഞ്ജൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. റമദാ ഹോട്ടൽ ജനറൽ മാനേജർ അജയ് രാമൻ ആദ്യ ടിക്കറ്റ് ഏറ്റുവാങ്ങി. എൻ.ടി.ബി.ആർ. സെക്രട്ടറിയായ സബ് കളക്ടർ സമീർ കിഷൻ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ആർ. കെ. കുറുപ്പ്, സീനിയർ സൂപ്രണ്ട് ഷാജി ബേബി, ജൂനിയർ സൂപ്രണ്ട് ബി. പ്രദീപ്, കെ.ജി. വിനോദ് കുമാർ തുടങ്ങിയവർ പങ്കെടുത്തു. ആലപ്പുഴ ആർ.ഡി. ഓഫീസിൽ നിന്നും ടിക്കറ്റുകൾ ലഭിക്കും. കൂടാതെ, വിവിധ താലൂക്കുകളിലേക്കുള്ള ടിക്കറ്റ് വിതരണവും ചടങ്ങിൽ നടന്നു.



ജില്ലയിലെ എല്ലാ താലൂക്ക് ഓഫീസുകളിലും തിരുവല്ല താലൂക്ക് ഓഫീസിലും ആലപ്പുഴ കോട്ടയം ഡി.ടി.പി.സി. ഓഫീസുകളിലും സപ്ലൈ ഓഫീസുകളിലും ആർ.ടി.ഒ., ജോയിൻറ് ആർ.ടി.ഒ., സെയിൽ ടാക്സ് തുടങ്ങിയ സർക്കാർ ഓഫീസുകളിലും ടിക്കറ്റ് ലഭിക്കും. 3000 രൂപയുടെ ഗോൾഡ്, 2500 രൂപയുടെ സിൽവർ, 1500 രൂപയുടെ റോസ്, 500, 400, 200, 100 എന്നിങ്ങനെ രൂപയുടെ ടിക്കറ്റുകളാണ് ലഭ്യമായിത്തുടങ്ങിയത്.

## മെരിറ്റ് അവാർഡ് സ്കോളർഷിപ്പ്: 26 വരെ അപേക്ഷിക്കാം

**തിരുവനന്തപുരം:** 2023 മാർച്ച് എസ്.എസ്.എൽ.സി/ ടി.എച്ച്.എസ്.എസ്.എൽ.സി സംസ്ഥാന സിലബസിൽ പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടി വിജയിച്ച വിദ്യാർഥികൾക്കുള്ള ജില്ലാ മെരിറ്റ് അവാർഡ് സ്കോളർഷിപ്പിന് 26 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 9447096580, 9447069005.

## ടെക്നിക്കൽ എക്സ്പെർട്ട്: അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** തിരുവനന്തപുരം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന 2.0 (നീർത്തട ഘടകം) (ജങഗടഥ 2.0) പദ്ധതിയിൽ ടെക്നിക്കൽ എക്സ്പെർട്ടിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അഗ്രികൾച്ചർ, ഹോർട്ടികൾച്ചർ, ഹൈഡ്രോളജിക്കൽ എൻജിനിയറിങ്, സോയിൽ എൻജിനിയറിങ്, അനിമൽ ഹസ്ബൻഡറി എൻജിനിയറിങ് എന്നിവയിലൊന്നിലെ ബിരുദമാണ് യോഗ്യത. ഉയർന്ന യോഗ്യതയുള്ളവരെയും പരിഗണിക്കും. അഞ്ച് വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടാവണം. പ്രതിമാസ വേതനം 34,300 രൂപ. യോഗ്യത തെളിയിക്കുന്ന രേഖകളുടെ പകർപ്പ് ഉൾപ്പെടെ 24ന് വൈകിട്ട് മുന്നിനകം അപേക്ഷിക്കണം. വിശദവിവരങ്ങൾക്ക്: 8606204203.

## പി.ആർ.ഡി പ്രിസം പാനൽ: അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രിസം പദ്ധതിയിൽ സബ് എഡിറ്റർ, കണ്ടന്റ് എഡിറ്റർ, ഇൻഫർമേഷൻ അസിസ്റ്റന്റ് പാനലുകളിൽ അപേക്ഷ ക്ഷണിച്ചു. careers.cdit.org പോർട്ടൽ മുഖേന ജൂലൈ 20നകം അപേക്ഷ നൽകണം. പോർട്ടലിൽ കയറി രജിസ്റ്റർ ചെയ്ത് സൈൻ ഇൻ ചെയ്തു വേണം അപേക്ഷ സമർപ്പിക്കാൻ. വിവരങ്ങളെല്ലാം നൽകിയ ശേഷം നോട്ടിഫിക്കേഷനിലെ ചെക്ക് എലിജിബിലിറ്റി ക്ലിക് ചെയ്ത് അപ്ലൈ ചെയ്യുമ്പോൾ മാത്രമേ അപേക്ഷാ സമർപ്പണം പൂർത്തിയാകൂ. ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവകലാശാല ബിരുദവും ജേണലിസം/ മാസ് കമ്മ്യൂണിക്കേഷൻ/ പബ്ലിക് റിലേഷൻസ് ഡിപ്ലോമയും അല്ലെങ്കിൽ ജേണലിസം/ മാസ് കമ്മ്യൂണിക്കേഷൻ/ പബ്ലിക് റിലേഷൻസ് ബിരുദവുമാണ് സബ് എഡിറ്ററുടെയും ഇൻഫർമേഷൻ അസിസ്റ്റന്റിന്റേയും യോഗ്യത. ജേണലിസം ബിരുദാനന്തര ബിരുദമുള്ളവർക്കും അപേക്ഷിക്കാം. സബ് എഡിറ്റർ പാനലിൽ അപേക്ഷിക്കുന്നവർക്ക് ഏതെങ്കിലും മാധ്യമങ്ങളിലോ വാർത്താ ഏജൻസികളിലോ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ പി. ആർ, വാർത്താ വിഭാഗങ്ങളിലോ ഒരു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടാവണം. ഇൻഫർമേഷൻ അസിസ്റ്റന്റിന് പ്രവൃത്തി പരിചയം നിർബന്ധമല്ല. പ്ലസ് ടുവും വീഡിയോ എഡിറ്റിങ്ങിൽ ഡിഗ്രി, ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സും പാസായവർക്ക് കണ്ടന്റ് എഡിറ്റർ പാനലിൽ അപക്ഷിക്കാം. പ്രായപരിധി 35 വയസ് (2024 ജനുവരി 1ന്). ഒരാൾക്ക് ഒരു പാനലിലേക്ക് മാത്രമാണ് അപേക്ഷിക്കാൻ കഴിയുക. വിശദവിവരങ്ങൾക്ക്: 0471 2518637. വിശദമായ നോട്ടിഫിക്കേഷൻ www.prd.kerala.gov.inൽ ലഭ്യമാണ്.

## അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** തിരുവനന്തപുരം വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, കംപ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് (ടാലി), അലുമിനിയം ഫാബ്രിക്കേഷൻ, കമ്പ്യൂട്ടർ ഹാർഡ്‌വെയർ മെയിന്റനൻസ് ആൻഡ് നെറ്റ്‌വർക്കിംഗ്, മൊബൈൽഫോൺ ടെക്നോളജി, ഗാർമെന്റ് മേക്കിംഗ് ആൻഡ് ഫാഷൻ ഡിസൈനിംഗ്, ടോട്ടൽസ്റ്റേഷൻ, ബ്യൂട്ടീഷ്യൻ, പ്രോഗ്രാമിംഗ് ആൻഡ് പ്രാക്ടീസ് ഓൺ സിഎൻസി മെഷീൻ എന്നീ കോഴ്സുകളിലേക്കു അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 8075289889, 9495830907.

## ഭിന്നശേഷി അവാർഡിന് നോമിനേഷൻ ക്ഷണിച്ചു

**തിരുവനന്തപുരം:** ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾക്കും/സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾക്കും സാമൂഹ്യനീതി വകുപ്പ് ഏർപ്പെടുത്തിയ സംസ്ഥാന ഭിന്നശേഷി അവാർഡിന് നോമിനേഷൻ ക്ഷണിച്ചു. ഈ വർഷം 14 വിഭാഗങ്ങളിലായാണ് അവാർഡ് നൽകുന്നത്. അവാർഡ് കാറ്റഗറി സംബന്ധിച്ച വിശദാംശങ്ങൾ swd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ആഗസ്റ്റ് 30 നുള്ളിൽ നോമിനേഷൻ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾ മലപ്പുറം ജില്ലാ സാമൂഹ്യനീതി ഓഫീസിലും (ഫോൺ: 0483 2735324) തിരുവനന്തപുരം സാമൂഹ്യനീതി ഡയറക്ടറേറ്റിലും (ഫോൺ: 0471 2306040) ലഭിക്കും.

# ഏലം കർഷകർ മറ്റു കൃഷിയിലേക്ക് തിരിയുന്നു



**ഉപ്പുതറ:** ഏലം കർഷകർ കാപ്പി, കുരുമുളക് കൃഷിയിലേക്ക് തിരിയുന്നു. കാലാവസ്ഥാ വ്യതിയാനം, ജലക്ഷാമം, ഉത്പാദന ചെലവിലെ വർധന, അടിസ്ഥാന വിലയിലെ ചാഞ്ചാട്ടം തുടങ്ങിയവയാണ് കർഷകർ മാറി ചിന്തിക്കാൻ കാരണം.

കാപ്പികൃഷിയാണ് ഏലം ഉപേക്ഷിച്ച കർഷകരിൽ കൂടുതൽപേരും തെരഞ്ഞെടുത്തത്. കോഫി ബോർഡ് നൽകുന്ന സബ്സിഡിയും കർഷകർക്ക് പ്രേരണയായി. ഹൈറേഞ്ചിൻറെ കാലാവസ്ഥ കുരുമുളകിനു പാകമായതിനാൽ ഏലം കൃഷി കൈവിട്ട കർഷകർ വ്യാപകമായി കുരുമുളകു കൃഷിയിലേക്കും തിരിഞ്ഞിട്ടുണ്ട്. ഏലത്തിനെ അപേക്ഷിച്ച് കാപ്പിക്കും കുരുമുളകിനും നാശനഷ്ടവും ഉത്പാദനച്ചെലവും കുറവാണ്. സി എച്ച്ആർ കേന്ദ്രീകരിച്ചാണ് ഹൈറേഞ്ചിൽ ഏലം കൃഷി ഉണ്ടായിരുന്നത്. 1995 2000ൽ വിപണിയിൽ ഏലത്തിന് ആവശ്യക്കാർ കൂടിയതോടെ വില ഉയർന്നു. 3500 4000 രൂപ വരെ ഏലക്കായ്ക്ക് വില ലഭിച്ചിരുന്നു. ഉയർന്ന വില മാറ്റമില്ലാതെ നിലനിന്നതോടെ സാധാരണ കർഷകരും ഏലം കൃഷിയിലേക്ക് തിരിഞ്ഞു.ഏലക്കായുടെ വില 7000 വരെ ഉയർന്നതോടെ കാപ്പി, കുരുമുളക് തുടങ്ങിയവ വെട്ടി മാറ്റിയാണ് കർഷകർ ഏലം കൃഷി ചെയ്തത്.

# കേരളത്തിൽ 500 ഡ്രോൺ സംരംഭകരെ സൃഷ്ടിക്കാനൊരുങ്ങി മാരുത് ഡ്രോൺസ്




**കൊച്ചി:** പ്രമുഖ ഡ്രോൺ നിർമ്മാതാക്കളും ഡ്രോൺ സേവനദാതാക്കളുമായ മാരുത് ഡ്രോൺസ് 2024 അവസാനത്തോടെ 500 ഡ്രോൺ സംരംഭകരെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിൽ പ്രവർത്തനം വ്യാപിപ്പിക്കാനൊരുങ്ങുന്നു.

കേരളത്തിൽ പ്രധാനമായും കാർഷിക മേഖലയിലാണ് കമ്പനി ശ്രദ്ധയൂന്നുന്നത്. വളം തളിക്കൽ പോലുള്ള ജോലികൾക്ക് ഡ്രോണുകൾ ഉപയോഗിക്കുന്നതിലൂടെ പ്രതിമാസം 50,000 60,000 രൂപ വരെ ലാഭിക്കാൻ കഴിയും. ചെറുകിട കർഷകർ ഡ്രോൺ സാങ്കേതികവിദ്യ സ്വീകരിക്കുന്നത് കൃത്യതയോടെ മരുന്നുകൾ തളിക്കുന്നതിനും വെള്ളവും വളപ്രയോഗവും 70% കുറയ്ക്കാനും വിളവ് 30% വർദ്ധിപ്പിക്കാനും സഹായിക്കും.

സംസ്ഥാനത്തെ കൃഷി വിജ്ഞാന കേന്ദ്രം, പ്രാദേശിക ഗ്രാമപഞ്ചായത്തുകൾ, കർഷക സഹകരണ സംഘങ്ങൾ തുടങ്ങിയ സംഘടനകളും ഡ്രോൺ സാങ്കേതികവിദ്യ സജീവമായി പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും സാങ്കേതികവിദ്യ ഉപയോഗിക്കുന്നത് ഇപ്പോഴും പ്രാരംഭ ഘട്ടത്തിലാണ്.

ചെറുതും ഇടത്തരവുമായ ഡ്രോണുകൾ നിർമ്മിക്കുന്നതിന് ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ അനുമതിയോടെ, കേരളത്തിൽ തങ്ങളുടെ ഡീലർ ശൃംഖല വിപുലീകരിക്കാനും ഡ്രോൺ പ്രവർത്തനത്തിൽ പരിശീലനം നൽകി കർഷകരെ ബോധവൽക്കരിക്കാനും മരുത് ഡ്രോണുകൾ ലക്ഷ്യമിടുന്നു. കൃഷി ഒരു തൊഴിലായി പിന്തുടരാനും ഡ്രോൺ ഓപ്പറേറ്റർമാരാകാനും ഈ സംരംഭം യുവാക്കളെ ആകർഷിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഡ്രോൺ പരിശീലനം നൽകുന്നതിന് സർവ്വകലാശാലകളുമായും കേരള സർക്കാരുമായും മാരുത് ഡ്രോൺസ് സഹകരിക്കും. മാരുത് അഗ്രി ഡ്രോണുകൾക്കായി ബാങ്ക് വായ്പയുള്ള കർഷകർക്ക് അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിന് കീഴിൽ പലിശ സബ്സിഡിയും ലഭിക്കും.രൂക്ഷമായ തൊഴിലാളി ക്ഷാമം നേരിടുന്ന കേരളത്തിൽ , നെൽകർഷകർ നേരിടുന്ന തൊഴിലാളി ക്ഷാമം, പാമ്പ് കടി, അമിത വളങ്ങളുടെ ഉപയോഗം മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയ ദീർഘകാല വെല്ലുവിളികളെ മറികടക്കാനും ഡ്രോൺ ഉപയോഗം കർഷകരെ സഹായിക്കും. ആലപ്പുഴയിലെ നെൽപാടങ്ങളിലും കോട്ടയത്തെ റബർ തോട്ടങ്ങളിലും നെല്ലിനും, പാലക്കാട് മുതലമടയിലെ മാവിൻതോട്ടത്തിനും ഒക്കെ ഫലപ്രദമായ നടപടിയാണ് ഡ്രോൺ

# നെഹ്റുട്രോഫി: ക്യാപ്റ്റൻസ് മീറ്റ് ജൂലൈ 29ന്

**ആലപ്പുഴ:** ആഗസ്റ്റ് 10 ാം തീയതി നടക്കുന്ന 70മത് നെഹ്റു ട്രോഫി ജലോത്സവ മത്സര വള്ളംകളിക്ക് മുന്നോടിയായുള്ള ക്യാപ്റ്റൻസ് മീറ്റിംഗ്' ജൂലൈ 29 ന് നടക്കും. തിങ്കളാഴ്ച വൈ.എം.സി.എ പാലത്തിന സമീപമുള്ള ഹാളിൽ രാവിലെ 10 മണിക്ക് കളക്ടർ അലക്സ് വർഗീസ് ഉദ്ഘാടനം നിർവഹിക്കും. ഈ വർഷത്തെ ജലോൽസവത്തിന്റെ നിബന്ധനകളും, നിർദ്ദേശങ്ങളും അറിയിക്കും. എല്ലാ ടീമുകളെയും പരിചയപ്പെടുത്തും. യോഗത്തിൽ ഈ വർഷം നെഹ്റുട്രോഫി ജലോത്സവത്തിന് ആലപ്പുഴ റവന്യു ഡിവിഷൻ ഓഫീസിൽ നിന്നും രജിസ്ട്രേഷൻ ഫോം കൈപ്പറ്റിയിരിക്കുന്ന എല്ലാ ചുണ്ടൻ വള്ളങ്ങളുടെയും മറ്റ് കളി വള്ളങ്ങളുടെയും ക്യാപ്റ്റൻമാരും ലീഡിംഗ് ക്യാപ്റ്റൻമാരും പങ്കെടുക്കണം. നെഹ്റുട്രോഫി ജലോത്സവത്തിൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷൻ ഉറപ്പിക്കുന്നത് ക്യാപ്റ്റൻസ് മീറ്റിംഗിൽ ക്യാപ്റ്റനും ലീഡിംഗ് ക്യാപ്റ്റനും ഹാജരായി ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സൂഷ്മപരിശോധനയ്ക്ക് ശേഷം മാത്രമായിരിക്കും. യോഗത്തിൽ പങ്കെടുക്കാത്ത വള്ളങ്ങളുടെ ക്യാപ്റ്റനും ലീഡിംഗ് ക്യാപ്റ്റനും ഉണ്ടെങ്കിൽ ആ ക്ലബുകളുടെ ബോണസിൽ 50 ശതമാനം കുറവു വരുത്തുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്ന ചുണ്ടൻ വള്ളങ്ങളിലെ തുഴച്ചിൽകാർക്കുള്ള ഫോം ആലപ്പുഴ സബ് കളക്ടറുടെ കാര്യാലയത്തിൽ നിന്നും വിതരണം ചെയ്യും. ഫോം പൂരിപ്പിച്ച് 29ാം തീയതിയ്ക്കു മുമ്പ് ആലപ്പുഴ, മിനി സിവിൽസ്റ്റേഷൻ അനക്സിന്റെ രണ്ടാം നിലയിലുള്ള ആലപ്പുഴ, ഇറിഗേഷൻ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ എത്തിക്കണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# പാരിസ് ഒളിംപിക്സിന് സെറിമോണിയൽ ഡ്രസ്

**ന്യൂദൽഹി:** ആദിത്യ ബിർള ഫാഷൻ ആൻഡ് റീട്ടെയിൽ ലിമിറ്റഡിന്റെയും ഡിസൈനർ തരുൺ തഹിലിയാനിയുടെയും പുരുഷന്മാരുടെ ഇന്ത്യൻ വസ്ത്ര ബ്രാൻഡായ തസ്വ, നടക്കാനിരിക്കുന്ന പാരീസ് ഒളിമ്പിക്സ് 2024 ൽ ടീം ഇന്ത്യയ്ക്കായി ആചാരപരമായ വസ്ത്രം രൂപകൽപ്പന ചെയ്യാൻ കഴിഞ്ഞുവെന്ന അഭിമാനകരമായ നേട്ടത്തിനുടമകളായി. കേന്ദ്ര യുവജനകാര്യ കായിക മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷൻ പ്രസിഡന്റ് ഡോ. പി. ടി. ഉഷയുടെ സാന്നിധ്യത്തിൽ ടീം ഇന്ത്യയുടെ ഔദ്യോഗിക ആചാരപരമായ വസ്ത്രം അനാച്ഛാദനം ചെയ്തു.

ടീം ഇന്ത്യയ്ക്കായി വസ്ത്രം തയാറാക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്ന് കിറ്റ് അനാച്ഛാദന ചടങ്ങിൽ തസ്വ ചീഫ് ഡിസൈൻ ഓഫീസർ തരുൺ തഹിലിയാനി പറഞ്ഞു. ഇന്ത്യയെക്കുറിച്ച് ഒരു കഥ പറയുന്ന വസ്ത്രം തയാറാക്കാൻ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനുമായി ചേർന്ന് പ്രവർത്തിച്ചു. സുഖവും പ്രായോഗികതയും ഉറപ്പാക്കിക്കൊണ്ട് കാഴ്ചയിൽ ആകർഷകമായ രീതിയിലാണ് വസ്ത്രങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഉദ്ഘാടന ചടങ്ങിനായി നമ്മുടെ അത്‌ലറ്റുകൾ സെയ്നിലെ ഒരു ബാർജിൽ രാജകീയ പ്രവേശനം നടത്തുമ്പോൾ, വായുസഞ്ചാരമുള്ളതും ഭാരം കുറഞ്ഞതുമായ വസ്ത്രം ജൂലൈ മാസത്തിലുള്ള പാരീസിലെ വേനൽക്കാല ഊഷ്മളതയ്ക്ക് തികച്ചും അനുയോജ്യമാണ്.തസ്വ ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം ആഘോഷിക്കുക മാത്രമല്ല, രാജ്യത്തിന്റെ ആധുനികവും ചലനാത്മകവുമായ മനോഭാവം ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. അത്‌ലറ്റുകൾ ആഗോള വേദിയിലേക്ക് ചുവടുവെക്കുമ്പോൾ, കാലാതീതവും ഊർജ്ജസ്വലവും അനുനിമിഷം വികസിക്കുന്നതുമായ ഇന്ത്യയുടെ സത്തയുടെ യഥാർത്ഥ പ്രതിഫലനമാണ് തങ്ങളുടെ വസ്ത്രത്തിലൂടെ അവർ പ്രകടിപ്പിക്കുന്നത്.

## ഡോൾഫി ജോസ് സൗത്ത് ഇന്ത്യൻ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ



**കൊച്ചി:** സൗത്ത് ഇന്ത്യൻ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടറായി ഡോൾഫി ജോസ് നിയമിതനായി. ബാങ്കിങ് രംഗത്ത് 25 വർഷത്തെ അനുഭവ സമ്പത്തുള്ള ഡോൾഫി ജോസ്, കരൂർ വൈശ്യ ബാങ്കിൽ ചീഫ് ജനറൽ മാനേജർ ആന്റ് ഗ്രൂപ്പ് ഹെഡ് കൺസ്യൂമർ ബാങ്കിങ് പദവിയും കൊട്ടക് മഹീന്ദ്ര ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പദവിയും വഹിച്ചിട്ടുണ്ട്. റീട്ടെയിൽ, കൊമേഴ്സ്യൽ ബാങ്കിങ് മേഖലയിൽ മികച്ച ബിസിനസ് മാനേജ്മെന്റ് വിദഗ്ധനായ ഡോൾഫി ജോസിന് ഫിൻടെക്ക്, സൈബർ സെക്യൂരിറ്റി രംഗത്തും വൈദഗ്ധ്യമുണ്ട്. ഐടിഎമ്മിൽ നിന്നും ജനറൽ മാനേജ്മെന്റിൽ എംബിഎ കരസ്ഥമാക്കിയിട്ടുണ്ട്. ഐഐഎം അഹമദാബാദ്, ബിറ്റ്സ് മുംബൈ, എസ്പി ജെയിൻ സ്കൂൾ ഓഫ് ഗ്ലോബൽ മാനേജ്മെന്റ് എന്നിവിടങ്ങളിൽ നിന്ന് സ്പെഷ്യലൈസ്ഡ് പ്രോഗ്രാമുകളും പൂർത്തിയാക്കിയിട്ടുണ്ട്.

## സായി ലൈഫ് സയൻസസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ആഗോള തലത്തിൽ ഔഷധ ഗവേഷണ, വികസന, ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സായി ലൈഫ് സയൻസസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. 800 കോടി രൂപയുടെ പുതിയ ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ ഒരു രൂപ മുഖവിലയുള്ള 61,573,120 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, മോർഗൻ സ്റ്റാൻലി ഇന്ത്യ കമ്പനി പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.



അമൃതശ്രീ അംഗങ്ങൾക്കുള്ള വസ്ത്രവിതരണം ഇടപ്പള്ളി മാതാ അമൃതാനന്ദമയി മഠത്തിൽ സ്വാമി അനഘാമൃതാനന്ദപുരി നിർവഹിക്കുന്നു

# അമൃതശ്രീ അംഗങ്ങൾക്ക് വസ്ത്രവിതരണം നടത്തി

**കൊച്ചി:** മാതാ അമൃതാനന്ദമയി മഠത്തിന്റെ നേതൃത്വത്തിലുള്ള അമൃതശ്രീ സ്വാശ്രയസംഘങ്ങളിലെ അംഗങ്ങളായ വനിതകൾക്ക് വസ്ത്രങ്ങൾ വിതരണം ചെയ്തു. ജില്ലയിൽ 28 സ്ഥലങ്ങളിലായി 8000 ത്തിലധികം വനിതകൾക്കാണ് വസ്ത്രങ്ങൾ വിതരണം ചെയ്തത്. കൊച്ചിയിൽ ഇടപ്പള്ളി ബ്രഹ്മസ്ഥാനം, എളമക്കര, തേവര, പച്ചാളം, ചെല്ലാനം, ഇടക്കൊച്ചി, നെട്ടൂർ കുണ്ടന്നൂർ, പൂത്തോട്ട, കുമ്പളം, പനങ്ങാട്, പനമ്പുകാട്, മുളവുകാട് എന്നിവിടങ്ങളിൽ വസ്ത്രവിതരണം സംഘടിപ്പിച്ചു. ഇടപ്പള്ളി ബ്രഹ്മസ്ഥാനത്ത് സ്വാമി അനഘാമൃതാനന്ദപുരി വസ്ത്രവിതരണത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. സ്വാമിനി കരുണാമൃത പ്രാണ, ബ്രഹ്മചാരിണിമാരായ ശ്രീപ്രിയാമൃത ചൈതന്യ, ലൈല എന്നിവർ നേതൃത്വം നൽകി.

പിറവം, പുതുവൈപ്പ്, ഞാറക്കൽ, കടമക്കുടി, നായരമ്പലം, എടവനക്കാട്, അയ്യമ്പിള്ളി, ചെറായി, മുനമ്പം, കോട്ടുവള്ളിക്കാട്, കുഞ്ഞിത്തൈ, പട്ടണം, നീണ്ടൂർ, പുത്തൻവേലിക്കര, പറവൂർ എന്നിവിടങ്ങളിലും വസ്ത്രവിതരണം നടത്തി.

അമൃതപുരി മാതാ അമൃതാനന്ദമയി മഠത്തിലെ ബ്രഹ്മചാരിണിമാരായ ആർഷാമൃത ചൈതന്യ, അനർഘാമൃത ചൈതന്യ, ശാന്ത, ബിന്ദു, വിഷ്ണുപ്രിയ, അമൃതശ്രീ ജില്ലാ കോഓർഡിനേറ്റർ ശ്രീരാജ് നെടുങ്ങാട്, പി.ജെ രാജേഷ് തുടങ്ങിയവർ വസ്ത്രവിതരണത്തിന് നേതൃത്വം നൽകി.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com